**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**2003 ജൂൺ 30-ാം തീയതി തിങ്കളാഴ്ച**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

298) ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ
299) വിളപ്പിൽശാലയിലുള്ള ജൈവവള ഫാക്ടറി മൂലമുള്ള മലിനീകരണം
300) അന്തർ സംസ്ഥാന നദീജല കരാറുകൾ
301) സ്വകാര്യ കുറ്റാന്വേഷണ ഏജൻസികൾ
302) നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കേ സത്യവാങ്മൂലം
303) കെട്ടിട നികുതി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ
304) നഗരങ്ങളിൽ കൊലപാതകവും പിടിച്ചുപറിയും ഗുണ്ടാവിളയാട്ടവും വർദ്ധിച്ചുവരുന്നത് തടയാൻ നടപടി
305) പുരാതന ചികിൽസാരീതികളെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം
306) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം
307) പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ നടപടി
308) പേ ക്ളിനിക്കുകൾ ആരംഭിക്കാൻ നടപടി
309) പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കുന്ന നടപടി
310) പൊതു അവധിമൂലം ഉല്പാദന രംഗത്തുണ്ടാകുന്ന നഷ്ടം
311) നിയോനാറ്റൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവും ഇൻക്യുബേറ്റർ സംവിധാനവും വ്യാപിപ്പിക്കാൻ നടപടി
312) തലസ്ഥാന വികസനം
313) അദ്ധ്യാപകരെയും അനദ്ധ്യാപകരെയുംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിൻ നിന്ന് ഒഴിവാക്കാൻ നടപടി
314) ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി
315) വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രജിസ്ട്രേഷൻ ഫീ ഏകീകരിക്കുന്നതിനുള്ള നടപടി
316) മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ അഭാവം
317) ആരോഗ്യവകുപ്പിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുന്നതിന് നടപടി
318) നഗരവൽക്കരണ പ്രക്രീയ
319) സസ്റ്റെയിൻഡ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിനുള്ള എ.ഡി.ബി സഹായം
320) പുതിയ ആയുർവേദ ഹോമിയോ ആശുപത്രികൾ
321) അനധികൃത ലാബുകളേയും സ്കാൻ സെന്ററുകളേയും നിയന്ത്രിക്കുന്നതിന് സംവിധാനം
322) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി
323) നഗര വികസനവുമായി ബന്ധപ്പെട്ട് എ. ഡി . ബി യുമായി ഏർപ്പെട്ട കരാർ
324) രജിസ്ട്രേഷൻ വകുപ്പിലെ കോമ്പൗണ്ടിംഗ് പദ്ധതി
325) തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനറൽ പി.ഡി. അക്കൗണ്ട്
326) ഡങ്കി പനി തിരിച്ചറിയാൻ സംവിധാനവും രക്ത പരിശോധനാ സജ്ജീകരണവും
327) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി

**ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ**

*298. ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എത്ര രൂപയുടെ ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട്; ഇതിനകം ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ ( ആരോഗ്യ വകുപ്പുമന്ത്രി):**

(എ) സർക്കാർ ആശുപത്രികളിൽ നിന്നും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഈ വർഷം 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽ ഹൃദ്രോഗം, നെഫ്രോളജി, ശസ്ത്രക്രിയാനന്തര വിഭാഗം എന്നീ സ്പെഷ്യാലിറ്റികൾ ഏർപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം മറ്റ് താലൂക്ക് ജില്ല ജനറൽ ആശുപത്രികളുടേയും ക്രമീകരണവും പരിഷ്ക്കരണവും എന്നീ കാര്യങ്ങൾക്കായി ഈ തുക വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ ആശുപത്രികളിലും മറ്റ് മേജർ ആശുപത്രികളിലും വന്ധ്യതാ നിവാരണ ക്ളിനിക്കുകൾ, ടോമാക്കെയർ യൂണിറ്റുകൾ എന്നിവ തുടങ്ങുക, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം, സ്പെഷ്യാലിറ്റി കേഡറും സ്പെഷ്യാലിറ്റി വകുപ്പുകളുടേയും വികസനം, അഡ്മിനിസ്ട്രേറ്റീവ് കം പബ്ളിക് ഹെൽത്ത് കേഡർ തുടങ്ങുക എന്നിവയ്ക്കും 14 ദന്തൽ ക്ളിനിക്കുകൾ നവീകരിക്കുന്നതിനും പുതിയ ദന്തൽ ക്ളിനിക്കുകൾ തുടങ്ങുന്നതിനും ഡിപ്പ്.എൻ.ബി കോഴ്സുകൾ തുടങ്ങുന്നതിനും സോഷ്യൽ ആഡിറ്റിംഗ്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനനിലവാരം മെച്ചപ്പെടുത്തൽ പൗരാവകാശ രേഖ സമ്പ്രദായം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഈ വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ കേന്ദ്രങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരഞ്ഞെടുത്ത 25 സ്ഥാപനങ്ങളിൽ ആർ.റ്റി.ഐ/എസ്.റ്റി.ഐ. ക്ളിനിക്കുകൾ നവീകരിക്കുവാൻ 12,000 രൂപ നൽകിയിട്ടുണ്ട്. യൂറോപ്യൻ കമ്മീഷന്റെ പദ്ധതിപ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ ബ്ളഡ് ബാങ്ക് നവീകരണവും സൂപ്പർവൈസറി സ്റ്റാഫിന് മാനേജ്മെന്റ് പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിലെ ട്രോമാകെയർ സെന്ററുകൾ നവീകരിച്ചുകൊണ്ട് അത്യാഹിത വിഭാഗത്തിൽ എല്ലാവിധ ചികിത്സയും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ആശുപത്രികളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആശുപത്രികളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗനിർണ്ണയ വിഭാഗങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗനിർണ്ണയത്തിനും ശുശ്രൂഷകൾക്കും ആവശ്യമായ യന്ത്രോപകരണങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ.സി. യൂണിറ്റ് നവീകരിക്കുന്നതിനും ഓപ്പറേഷൻ തീയേറ്റർ ശീതീകരിക്കുന്നതിനും ടെലിമെഡിസിൻ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ 1.42 കോടി രൂപ മുടക്കി അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യു.എൻ.എഫ്. പി.എ. ഫണ്ട് ഉപയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ ഒരു സ്പെഷ്യാലിറ്റി ബ്ളോക്ക് തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികളുടേയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടേയും വികസനത്തിനായി 810.40 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടും, മെഡിക്കൽ കോളേജുകളുടേയും, അനുബന്ധ ആശുപത്രികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 128 കോടി രൂപയുടെ മറ്റൊരു പദ്ധതിയും ലോകബാങ്ക് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല..

**വിളപ്പിൽശാലയിലുള്ള ജൈവവള ഫാക്ടറി മൂലമുള്ള മലിനീകരണം**

*299. ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :

ശ്രീ. ഡി. സുഗതൻ :

പ്രൊഫസർ എ.ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിലുള്ള ജൈവവള ഫാക്ടറി എന്തെല്ലാം തരത്തിലുള്ള മലിനീകരണമുണ്ടാക്കുന്നു ;

(ബി) ഇതു മൂലമുണ്ടാകാവുന്ന ജലമലിനീകരണം തടയുവാൻ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് ;

(സി) ജലമലിനീകരണം പൂർണ്ണമായും തടയുവാൻ ഇത് പര്യാപ്തമാണോ ;

(ഡി) അല്ലെങ്കിൽ മറ്റെന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള ( തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) ചപ്പു ചവറുകൾ ദിവസങ്ങളോളം കെട്ടിക്കിടന്ന് ചീഞ്ഞുനാറിയ ശേഷം ശേഖരിച്ച് ജൈവവള ഫാക്ടറിയിൽ എത്തിക്കുമ്പോൾ ദുർഗന്ധമുണ്ടാകാൻ സാദ്ധ്യതയുണ്ട് മഴക്കാലത്ത് ചപ്പുചവറുകളിലെ ജലാംശം കൂടുതലായതിനാൽ അതിൽ നിന്നും ഒലിച്ചുവരുന്ന വെള്ളം ശേഖരണ ടാങ്ക് കവിഞ്ഞൊഴുകി ജലമലിനീകരണമുണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ പ്ളാന്റിൽ എത്തിക്കുന്ന ചപ്പു ചവറുകളിലുള്ള ജൈവ വസ്തുക്കളുടെ 70%ത്തോളം ജൈവവളമാക്കിയ ശേഷം അവശേഷിച്ച വസ്തുക്കൾ, വളമാക്കാൻ പറ്റാത്ത വസ്തുക്കളോടൊപ്പം തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതിനാൽ അവയിൽ നിന്നും ഒലിച്ചുവരുന്ന ജലത്തിലും ജലമലിനീകരണമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത്തരം മലിനീകരണ സാദ്ധ്യതകൾ കഴിയുന്നത്ര ഒഴിവാക്കിയിട്ടുണ്ട്.

(ബി) ചവറുകളിലൂടെ അരിച്ചിറങ്ങുന്ന ജലം ഭൂമലിനീകരണത്തിനും ഭൂജല മലിനീകരണത്തിനും ഇടയാകാതിരിക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്ക്കർഷിച്ചതിൻ പ്രകാരം അവിടെ ചപ്പുചവറുകൾ സംഭരിക്കുന്നതിനും പ്രോസസിംഗ് നടത്തുന്നതിനും കോൺക്രീറ്റ് തറയും മേൽക്കൂരയുമുള്ള കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.

ചപ്പുചവറുകൾ സംരക്ഷിക്കുന്ന യാർഡിൽ നിന്നും ഒലിച്ചുവരുന്ന വെള്ളം ശേഖരിക്കുന്നതിന് ടാങ്കുകളും ആ വെള്ളം തിരിച്ച് പ്രോസസിംഗിന് ഉപയോഗിക്കുന്നതിനായി പമ്പിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പര്യാപ്തമാണ്.

(ഡി) ബാധകമല്ല.

## അന്തർ സംസ്ഥാന നദീജല കരാറുകൾ

*300. ശ്രീ. എം. വി. ജയരാജൻ:
ശ്രീ.രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളത്തിന് അന്തർസംസ്ഥാന നദീജല കരാറുകൾ നിലവിലുള്ളത് ;

(ബി) ഏതൊക്കെ നദീജല കരാറുകളാണ് ഈ സംസ്ഥാനങ്ങളുമായി നിലവിലുള്ളത്;

(സി) മറ്റു സംസ്ഥാനങ്ങൾ ഈ നദീജല കരാറുകൾ കൃത്യമായി പാലിക്കുന്നുണ്ടോ ;

(ഡി) ഈ നദീജല കരാറുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സംസ്ഥാനത്ത് എന്തെങ്കിലും സംവീധാനം നിലവിലുണ്ടോ ;

(ഇ) നദീജല കരാറുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനത്തിന് രൂപം നൽകുമോ ?

ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ)തമിഴ്നാടുമായിട്ടാണ് കേരളത്തിന് അന്തർസംസ്ഥാനനദീജല കരാറുകൾ നിലവിലുള്ളത്.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ, 1970-ലെ പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ, 1973-ലെ ശിരുവാണി കുടിവെള്ളക്കരാർ ഇവയാണ് തമിഴ്നാടും കേരളവും തമ്മിൽ നിലവിലുള്ള കരാറുകൾ.

(സി) തമിഴ്നാട് ഒഴികെ, മറ്റു സംസ്ഥാനങ്ങളുമായി കേരളത്തിന് നദീജലക്കരാറുകളൊന്നും ഇല്ല. പറമ്പിക്കുളം-അളിയാർ പദ്ധതിക്കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കേരളസർക്കാർ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പുന:രവലോകന ചർച്ചകളിൽ ഇതു സംബന്ധിച്ച വിവരങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

(ഡി) അന്തർസംസ്ഥാന നദീജലക്കരാറുകളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. പറമ്പിക്കുളം-അളിയാർ പദ്ധതിക്കരാർ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ജോയിന്റ് വാട്ടർറഗുലേഷൻ ഡിവിഷൻ പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. ശിരുവാണി കുടിവെള്ളക്കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ശിരുവാണി പ്രോജക്ട് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറുടെ കീഴിൽ ശിരുവാണിയിൽ തന്നെ ഒരു സബ്ഡിവിഷൻ ഉണ്ട്. പെരിയാർ പാട്ടക്കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ എക്സി: എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, കട്ടപ്പനയുടെ കീഴിൽ പ്രവർത്തിക്കുന്ന മോണിട്ടറിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുപുറമെ അന്തർസംസ്ഥാന നദീജലം സംബന്ധിച്ച

കാര്യങ്ങൽ നോക്കുവാനായി ഒരു ചീഫ് എഞ്ചിനീയറുടെ (ഐ.എസ്.ഡബ്ള്യൂ) നേതൃത്വത്തിൽ ഇന്റർസ്റ്റേറ്റ്വിംഗും സർക്കാർ തലത്തിൽ ഒരു ഐ.എസ്. ഡബ്ള്യൂ സെല്ലും പ്രവർത്തിക്കുന്നുമന്ട്. കൂടാതെ ഡൽഹിയിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു കാവേരി സെൽ പ്രവർത്തിക്കുന്നുണ്ട്.

(ഇ) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമായതിനാൽ പുതിയ സംവിധാനം ഇപ്പോൾ ആവശ്യമില്ല.

## സ്വകാര്യ കുറ്റാന്വോഷണ ഏജൻസികൾ

*301. ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻ ബാബു :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ കുറ്റാന്വോഷണ ഏജൻസികളുടെ പ്രവർത്തനം നിയമവിധേയമാണോ എന്ന് വെളിപ്പെടുത്താമോ;

(ബി) സ്വകാര്യ കുറ്റാന്വോഷണ ഏജൻസികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;

(സി) സമാന്തര പോലീസ് സംവിധാനമായി മാറാൻ സാധ്യതയുള്ള സ്വകാര്യ കുറ്റാന്വോഷണ ഏജൻസികളുടെ പ്രവർത്തനത്തിൻമേൽ ഏതെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ)കേരളത്തിൽ എറണാകുളം ജില്ലയിൽ രണ്ട് സ്വകാര്യ അന്വേഷണ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ഇവ രണ്ടും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതാണ്. ഇവ കുറ്റാന്വോഷണം നടത്തുന്നതായി അറിവില്ല.

(ബി) കേരളത്തിൽ പ്രവർത്തിക്കുന്ന ഏജൻസികൾ കമ്പനീസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് .

(സി) &(ഡി) ഇത്തരം ഏജൻസികൾ കുറ്റാന്വോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവയുടെ പ്രവർത്തനങ്ങൾ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് നിരീക്ഷിച്ചുവരുന്നുണ്ട്. ആവശ്യമുണ്ടെന്നു തോന്നിയാൽ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലം

*302 ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ :

ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പു മന്ത്രി സദയം നൽകുമോ:

(എ) സ്ഥാനാർത്ഥികൾ സ്വത്ത് വിവരം, വിദ്യാഭ്യാസയോഗ്യത, ക്രിമിനൽ പശ്ചാത്തലം എന്നിവ സംബന്ധിച്ച് സത്യവാങ്മൂലം നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനഹ്ങളിലെ തെരഞ്ഞെടുപ്പിനുകൂടി ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ സർക്കാരിന് ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ ശുപാർശ എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി പഞ്ചായത്ത്രാജ്, മുൻസിപ്പാലിറ്റി നിയമങ്ങളിലും തെരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലും ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ നടപ്പാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) (ബി) (സി)& (ഡി) ഇക്കാര്യത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. നിയമവശങ്ങളും മറ്റും പരിശോധിച്ച് നയപരമായ തീരുമാനം എടുക്കേണ്ട ഒരു വിഷയമാണ് ഇത്.

(ഇ) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. ആവശ്യമാണെങ്കിൽ ചർച്ച ചെയ്യുന്നതാണ്.

## കെട്ടിട നികുതി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ

*303. ശ്രീ. എൻ. രാജൻ :

ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കെട്ടിട നികുതി നിശ്ചയിക്കുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; ഈ ഘടനയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)** :

(എ) കെട്ടിട നികുതി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്, കെട്ടിടത്തിനും അതിനോടനുബന്ധിച്ചുള്ള സ്ഥലത്തിനും ചേർത്താണ് നികുതി നിശ്ചയിക്കുന്നത്. കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ തരം, ഉപയോഗരീതി തുടങ്ങിയവ കണക്കിലെടുത്ത് കെട്ടിടത്തിന്റെയും അതിനോട് ചേർന്ന ഭൂമിയുടേയും വാർഷിക മൂല്യം കണക്കാക്കുകയും, സംരക്ഷണച്ചെലവു കുറച്ച് അതിന്മേൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ല പരിധിക്ക് വിധേയമായി നഗരസഭാ കൗൺസിൽ/പഞ്ചായത്തു കമ്മിറ്റി നിശ്ചയിച്ച പൊതുനിരക്കിൽ കെട്ടിടത്തിന്റെ വസ്തുനികുതി തിട്ടപ്പെടുത്തുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ രീതി. വാടകയ്ക്കു നൽകിയിട്ടുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ വാർഷിക മൂല്യത്തിൽ അതിന്റെ 25% കൂടി ചേർത്ത് നികുതി ചുമത്താവുന്നതാണ്.

പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത്/നഗരപ്രദേശങ്ങളെ പ്രധാനമേഖലയെന്നും രണ്ടാം മെഖലയെന്നും തരം തിരിച്ച് കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, റോഡിന്റെ സാമിപ്യം, കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ, കെട്ടിടത്തിന്റെ ഉപയോഗം എന്നീ ഘടകങ്ങളേയും തറ വിസ്തീർണ്ണത്തേയും അടിസ്ഥാനമാക്കി കെട്ടിടത്തിന് നികുതി നിശ്ചയിക്കുന്ന രീതി ആവിഷ്ക്കരിച്ച് നടപ്പാക്കാനാണ് നടപടിയെടുത്തു വരുന്നത്.

## നഗരങ്ങളിൽ കൊലപാതകവും പിടിച്ചുപറിയും ഗുണ്ടാവിളയാട്ടവും വർദ്ധിച്ചുവരുന്നത് തടയാൻ നടപടി

*304. ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. സാജു പോൾ :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ കൊലപാതകവും പിടിച്ചുപറിയും ഗുണ്ടാവിളയാട്ടവും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിനും കുറ്റക്കാരെ പിടികൂടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കൊച്ചിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും വിദേശീയരെയടക്കം കൊള്ളയടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന അധോലോക സംഘങ്ങളേയും ഗുണ്ടകളേയും അമർച്ച ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)** :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ പൊതുവായി സംഘടിത അക്രമങ്ങളും, കൊലപാതകവും പിടിച്ചുപറിയും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൊച്ചിനഗരത്തിൽ ഇത്തരം സംഭവങ്ങളിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്.

(ബി) സംഘടിതവും അല്ലാതെയുമുള്ള അക്രമപ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും, മുൻകരുതൽ അറസ്റ്റ്, നല്ലനടപ്പ് (സി.ആർ.പി.സി. 107,110) തുടങ്ങി നിയമാനുസൃതമായ പ്രതിരോധ നടപടികൾ കൈക്കൊണ്ടും, കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൽ തടയാനും ആവർത്തിക്കാതിരിക്കാനും പോലീസ് പട്രോളിംഗ് ശക്തമാക്കിയും രഹസ്യപോലീസിന്റെ സേവനം ഉപയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇല്ല. എന്നാൽ ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും, വിവരങ്ങൽ നൽകുന്നതിനും സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെയുംജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റെയും വിഭാഗങ്ങൽ സദാ ജാഗ്രത പുലർത്തിവരുന്നുണ്ട്. കൂടാതെ എസ്.ഐ. മാരുടെ കീഴിൽ സ്പെഷ്യൽ സ്ക്വോഡുകൾ രൂപീകരിച്ച് ഇത്തരക്കാരെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു . ..

(ഡി) കൊച്ചിയിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സംഘടിത അക്രമ പ്രവർത്തനങ്ങലും സ്ഥിരം കുറ്റവാളികളുടെ കുറ്റകൃത്യങ്ങളും തടയുന്നതിന് ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്ന ജില്ലകളിൽ ക്രൈം സ്ക്വോഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

## പുരാതന ചികിൽസാരീതികളെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം

*305. ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിൽസാരീതിയിലെ ഔഷധ നിർമ്മാണം, വിപണനം, ഗുണനിലവാര നിയന്ത്രണം എന്നിവയ്ക്കായി നിയമം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, വിശദാംശം വ്യക്തമാക്കാമോ;

(സി) കേരളത്തിൽ ഇപ്പോൾ പ്രാബല്യത്തിലുള്ള നിയമ പരിഷ്ക്കരണത്തിൽ പുരാതന ചികിൽസാരീതികളെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ ആലോചനയുണ്ടോ ;

(ഡി) എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ, ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)** :

(എ) നിലവിലുണ്ട്.

(ബി) വിശദാംശം ഡ്രഗ്സ് ആന്റ് കോസ്മറ്റിക് ആക്ടിലെ 4 എ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആലോചനയുണ്ട്.

(ഡി) അംഗീകൃത യോഗ്യതയില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെടാൻ കേന്ദ്രനിയമത്തിന് വ്യവസ്ഥയില്ല. എന്നാൽ ഈ പാരമ്പര്യ വൈദ്യന്മാർ അനവധി കാലമായി പ്രാക്ടീസ് ചെയ്യുന്നവരാണെന്നും അവർ ഗുരുകുല സമ്പ്രദായത്തിലൂടെ ആർജ്ജിച്ച വിജ്ഞാനം സമൂഹത്തിന് ലഭിക്കണമെന്ന ഉദ്ദേശം മുൻനിർത്തിയും പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം ഭേദഗതി ചെയ്യുന്നതിന് ഭാരതസർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം

*306. ശ്രീ. കെ.പി. മോഹനൻ :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി.കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉദ്യോഗ നിയമനങ്ങളിൽ സംവരണം നൽകുവാനായി കേന്ദ്രഗവൺമെന്റിൽ നീക്കം നടന്നതായ കാര്യം സംസ്ഥാനഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കാമോ;

(സി) കേന്ദ്രഗവൺമെന്റിന്റെ സമീപനം നമ്മുടെ സംസ്ഥാനത്തെ സംവരണ വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) &(സി) ചോദ്യം ഉദിക്കുന്നില്ല.

## പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ നടപടി

*307. ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ളിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(സി) ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടികൾ സുതാര്യമാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും കിട്ടുന്ന മാർക്കും അവരുടെ സെലക്ഷൻ ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):**

(എ) (ബി) (സി) (ഡി) & (ഇ) തെരഞ്ഞെടുപ്പു നടപടികളിൽ പബ്ളിക് സർവ്വീസ് കമ്മീഷൻ അനുവർത്തിച്ചുവരുന്ന രഹസ്യസ്വഭാവം നഷ്ടമാകാത്ത രീതിയിൽ, പരീക്ഷാ നടപടികൾ ഉദ്യോഗാർത്ഥികൾക്ക് മനസ്സിലാകത്തക്ക രീതിയിൽ കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കമ്മീഷൻ ഒരു വെബ്സൈറ്റ് ആരംഭിക്കുന്നതിനും ടി വെബ്സൈറ്റിൽ കൂടി പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക്, ഓരോ തസ്തികയ്ക്കും നിയമന ശുപാർശ നടത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയവ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പേ ക്ളിനിക്കുകൾ ആരംഭിക്കാൻ നടപടി

308. ശ്രീ. ജോസഫ് എം. പുതുശ്ശേരി

ശ്രീ. സ്റ്റീഫൻ ജോർജ്

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാതാലൂക്ക് ആശുപത്രികളിലും പേ ക്ളിനിക്കുകൾ അരംഭിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാതാലൂക്ക് ആശുപത്രികളിലും പേ ക്ളിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ആരംഭിച്ചിട്ടില്ലെങ്കിൽ, ആയതിനുളള കാരണങ്ങൾ എന്താണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക നേട്ടമുണ്ടാക്കുന്ന പ്രസ്തുത പേ ക്ളിനിക്കുകൾ അടിയന്തിരമായി നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം;**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഒരു താലൂക്കാശുപത്രിയിൽ പേ ക്ളിനിക്ക് തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമതീരുമാനം ആയിട്ടില്ല.

(സി) ഒരു സ്റ്റേറ്റ് ക്ളിനിക്കൽ ഡവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ചതിന് ശേഷമേ ഈ പദ്ധതി ആരംഭിക്കുവാൻ കഴിയൂ.

(ഡി) നടപടി സ്വീകരിച്ചുവരികയാണ്.

## പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കുന്ന നടപടി

309. ശ്രീ. എ. സുജനപാൽ
ശ്രീ. ജോർജ് ജെ.മാത്യു
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. കെ.എ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലമാണ് ലഭിച്ചിട്ടുളളത്;

(സി) ആർക്കെല്ലാമാണ് മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഗവൺമെന്റിന് ശുപാർശ നൽകിയിട്ടുളളത്;

(ഡി) മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ ഈ വർഷവം എത്ര പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്നും എന്തെല്ലാം വ്യവസ്ഥകൾക്ക് വിദേയമായാണ് അവ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം;**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തുളള അരുൺമെഡിക്കൽ ട്രസ്റ്റ് മെഡിക്കൽ കോളേജ് ആന്റ് ഹോസ്പിറ്റൽ കോംപ്ളെക്സ് കൺവീനറിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) (ബി)-പിരിവിൽ സൂചിപ്പിച്ച ട്രസ്റ്റിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല.

## പൊതു അവധിമൂലം ഉല്പാദന രംഗത്തുണ്ടാകുന്ന നഷ്ടം

310. ശ്രീ. വർക്കല കഹാർ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. എം.മുരളി
ശ്രീ. ടി.എച്ച്. മുസ്തഫ
ശ്രീ. ടി.വി ചന്ദ്രമോഹൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഏതെല്ലാം വിശേഷ ദിവസങ്ങളിലാണ് പൊതു അവധി നൽകുന്നതെന്നും ഇ◌ാതെല്ലാം കാര്യങ്ങളോടനുബന്ധിച്ചാണ് പൊതു അവധികൾ പ്രഖ്യാപിക്കാറുളളതെന്നും വ്യക്തമാക്കുമോ;

(ബി) പൊതു അവധി പ്രഖ്യാപിക്കുന്നതുമൂലം ഉല്പാദനരംഗത്ത് ഒരു ദിവസം എന്തു നഷ്ടമാണ് ഉണ്ടാകുന്നത്;

(സി) അവധി പ്രക്യാപിക്കുതിനുമുമ്പായി വാണിജ്യ വ്യവസായികളുടെ സംഘടനയുമായി ചർച്ച ചെയ്യാറുണ്ടോ;

(ഡി) പൊതു അവധികൾ പ്രഖ്യാപിക്കുന്നതിന് നിലവിലുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇവയ്ക്ക് വ്യത്യാസം വരുത്തുവാൻ ഉദ്ദെശിക്കുന്നുണ്ടൊ എന്നും വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) പൊതു അവധി നൽകുന്ന വിശേഷ ദിവസങ്ങളുടെ പട്ടിക അനുബന്ധം-1 ലും നെഗോഷ്യബിൾ ഇൻസട്രമെന്റ്സ് ആക്ട് പ്രകാരമുളള അവധി ദിവസങ്ങളുടെ പട്ടിക അനുബന്ധം-2 ലും ചേർഥ്തിട്ടുണ്ട്. ദേശീയ പ്രാധാന്യമുളള ദിനങ്ങൾ മതപരമ◌ായ വിശേഷങ്ങൾ/ ഉത്സവ ദിവസങ്ങൾ/ എന്നിവ പ്രമാണിച്ചാണ് പൊതു അവധികൾ പ്രഖ്യാപിക്കാറുളളത്.

(ബി) നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾക്കും മതപരമായ വിശേഷദിവസങ്ങൾക്കും ഉത്സവങ്ങൾക്കും മുൻകാലങ്ങളിൽ നൽകി വരുന്ന അവധികളെ അടിസ്ഥാനമാക്കിയാണ് ഓരോ വർഷവും പൊതു അവധികൾ പ്രഖ്യാപിക്കുന്നത്. ഇതിന് വ്യത്യാസം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

## നിയോനാറ്റൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവും ഇൻക്യുബേറ്റർ സംവിധാനവും വ്യാപിപ്പിക്കാൻ നടപടി

311. ശ്രി. ജോണി നെല്ലൂർ
ശ്രീ. ഷിബു ബേബി ജോൺ
ശ്രീ. കെ.കെ. ഷാജു
ശ്രീ. എ.എൻ. രാജൻ ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നവജാതശിശുക്കളുടെ മരണ നിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ □നിയോനാറ്റൽ□ ഡിപ്പാർട്ടമെന്റിന്റെ പ്രവർത്തനം അടിയന്തിരമായി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങള വെളിപ്പെടുത്തുമോ;

(സി) കിടത്തി ചികിത്സയുള്ള എത്ര ആശുപത്രികളിൽ നവജാത ശിശുക്കളുടെ സുരക്ഷയ്ക്കായി ഇൻക്യുബേറ്റർ സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം;**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) കേരളത്തിൽ നവജാത ശിശുക്കളുടെ മരണനിരക്ക് ഇപ്പോൾ 1000 സജീവ ജനനങ്ങളിൽ 10.9 എന്നായ കുറഞ്ഞിട്ടുണ്ട്. എങ്കിലും നിയോനാറ്റൽ യൂണിറ്റുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) എല്ലാമെഡിക്കൽ കോളേജ് ആശുപത്രികളിലും നിയോനാറ്റൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ 12 ജില്ലാ ആശുപത്രികളിലും 4 വിമൻസ് ആന്റ് ചിൽഡ്രൻസ് ആശുപത്രികളിലും ന്യൂബോൺ നേഴ്സറികൾ പ്രവർത്തിച്ചുവരുന്നു ഇവ നവീകരിക്കുവാനും പുതിയ ഉപകരണങ്ങൾ ലഭ്യമാക്കാനും മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പരിശീലനം നടത്തുവാനും ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ മോളേജ് ആശുപത്രികളിലും തൈക്കാട് വിമൻസ് ആന്റ് ചിൽഡ്രൻസ് ആശുപത്രിയിലും ഇൻക്യുബേറ്റർ സൗകര്യം നിലവിലുണ്ട്.

## തലസ്ഥാന വികസന ഫണ്ട്

312. ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തലസ്ഥാന സഗരിയുടെ സമഗ്രവികസനത്തിനായി തലസ്ഥാന വികസന ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവിരങ്ങൾ ലഭ്യമാക്കുമോ;

(സി) തലസ്ഥാന വികസന ഫണ്ടിൽനിന്ന് നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട്;

(ഡി) എന്തെല്ലാം പ്രവൃത്തികൾക്കായിട്ടാണ് ഈ തുക ചെലവാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) തലസ്ഥാന വികസനപദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) ഓരോ പദ്ധതിയും ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) പദ്ധതികളുടെ തുടർ നടപടികൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ തലസ്ഥാന നഗരിയുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നാളിതുവരെ 1,24,63,070 രൂപ ചെലവായിട്ടുണ്ട്.

(ഡി) തലസ്ഥാന നഗര വികസനത്തിനുള്ള വിവിധ ഫ്രോജക്ട് റിപ്പോർട്ട് കൺസൾട്ടൻസി മുഖേന തയ്യാറാക്കുക. തമ്പാനൂർ-പഴവങ്ങാടി വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ആണ് ഈ തുക ചെലവാക്കിയിട്ടുള്ളത്.

(ഇ) വിഷൻ ഡോക്കുമെന്റ്, നഗരങ്ങളിലെ റോഡ് വികസനം, ജലവിതരണം, ബസ് ടെർമിനൽ, പാളയം മാർക്കറ്റും വാണിജ്യ സമുച്ചയവും ഖരമാലിന്യ സംസ്കരണം, ഉപരിതല അഴുക്കുചാൽ പദ്ധതി, തീരപഥം, കോട്ട പുനരുദ്ധാരണം,നഗരസൗന്ദര്യവൽക്കരണം, വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം എയർപോർട്ട്, ടാഗോർ തീയറ്റർ എന്നിവയുടെ വികസനം എന്നീ പ്രവൃത്തികളാണ്

(എഫ്) തിരുവനന്തപുരം ക്യാപ്പിറ്റൽ റിജിയൺ, തീരപഥം പ്രോജക്ട് എന്നിവയുടെ വിഷൻ ഡോക്യുമെന്റ് നയ്യാറാക്കുന്നതിനും വിഴിഞ്ഞം പോർട്ട് പ്രോജക്ട്, തിരുവനന്കപുരം ബസ് ടെർമിനൽ ഡെവലപമെന്റ് പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിനും ഐ.എൽ. & എഫ്.എസ്.ഐ.ഡി.സി കമ്പനിറെ ഏൽപ്പിച്ചിരിക്കുകയാണ്.

(ജി) പദ്ധതികളുടെ തുടർ നടപടികൾ കാര്യക്ഷമമായി നടത്തിവരുന്നു.

(എച്ച്) രൂപീകരിച്ചിട്ടുണ്ണ്.

(ഐ) പൊതുമരാമത്ത് വകുപ്പുസെക്രട്ടറി ചെയർമാനായും, നഗരവികസന വകുപ്പുസെക്രട്ടറി കൺവീനറായും, ജലവിഭവം, തുറമുഖം, ധനകാര്യം (എക്സ്പെൻഡിച്ചർ), ടൂറിസം വകുപ്പു സെക്രട്ടറിമാർ അംഗങ്ങളായുള്ള ഒരു എംപവേർഡ് കമ്മിറ്റി 01.10.2002 ലെ ജി.ഒ (എം.എസ്) 159/02തസ്വഭവ നമ്പർ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## അദ്ധ്യാപകരെയും അനദ്ധ്യാപകരെയുംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിൻ നിന്ന് ഒഴിവാക്കാൻ നടപടി

313. ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. മാമ്മൻ മത്തായ
ശ്രീ. ജോസഫ് എം.പുതുശ്ശേരി
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എയ്ഡഡ് സ്കൂൾ, എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ തിരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ.?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) ശുപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

314. ശ്രീ. എ.എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ അതിർത്തിയിൽ താമസിക്കുന്ന ചേരി നിവാസികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ചേരി നിവാസികളെ പുനരുദ്ധരിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ചേരി നിവാസികളുടെ ആരോഗ്യപരിപാലനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) & (ബി)- ഉണ്ട്. 1995-96-ലെ കണക്ക് പ്രകാരം 3,58,012 എണ്ണം

(സി) ഉണ്ട്. ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭകൾ മുഥാന്തിരം നടപടി സ്വീകരിച്ചുവരുന്നു. നഗരസഭകൾ തങ്ങളുടെ പ്ളാൻ ഫണ്ടിന്റെ 10% ചേരി നിവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ചേരി വികസന പരിപാടി പ്രകാരവും നഗരസഭകൾ വഴി ചേരി നിവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. നഗരങ്ങളിലെ ചേരികൾ താമസിക്കുന്ന ദരിദ്ര കുടുംബങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിക്കളുള്ള വാത്മികി അംബദ്ക്കർ ആവാസ് യോജന (വാംബേ) കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ഡി) ചേരി നിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പൊതുവായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ആരോഗ്യ പരിപാലനത്തിനുമാത്രമായി പ്രത്യേക പരിപാടികളൊന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല.

## വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രജിസ്ട്രേഷൻ ഫീ ഏകീകരിക്കുന്നതിനുള്ള നടപടി

315. ശ്രീ. എം.എ. വാഹിദ്; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)സംസ്ഥാനത്ത് വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രജിസ്ട്രേഷൻ ഫീ ഏകീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ;

(ബി) ഇപ്രകാരം ഏകീകരണ നികുതി നിലവിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് നിലവിലുള്ള നികുതിയേക്കാൾ കുറവുണ്ടുകുമോ എന്ന് വ്യക്തമാക്കുമോ;

(സി) വസ്തുക്കളുടെ തറവില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) ഇത് എന്നത്തേക്ക് പ്രാബല്യത്തിൽ വരുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ.സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) വസ്തു വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് സംബന്ധിച്ച് എല്ലാ ആധാരങ്ങൾക്കും ആധാരം ഹാജരാക്കുന്ന കക്ഷിയിൽ നിന്നും ആധാരത്തിൽ കാണിച്ചിട്ടുള്ള വില / പ്രതിഫലത്തിന്റെ 2 ശതമാനം എന്ന ഏകീകൃത നിരക്കിലാണ് രജിസ്ഷ്രേൻ ഫീസ് ഈടാക്കി വരുന്നത്.

(ബി) പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കുന്ന മുദ്ര വില, രജിസ്ട്രേഷൻ ഫീ സർചാർജ്ജ് എന്നിവ കുറയ്ക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ആധാരത്തിൽ വസ്തുവിന്റെ യഥാര്ത്ഥ വില/ പ്രതിഫലം കാണിക്കാതെ മുദ്രവിലയും/ഫിസും കുറച്ചുവയ്ക്കുന്നതുതടയുന്നതിനായി ഭൂമിയ്ക്ക് ന്യായവില നിശ്ചയിക്കാൻ സർക്കാർ തീരുമാിച്ചിട്ടുണ്ട്. നടപടി പുരോഗമിച്ചുവരുന്നു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് കൃഷിഭൂമി വാസയോഗ്യമായ സ്ഥലം തുടങ്ങിയ മാനദണ്ഡങ്ങളും, മാർക്കറ്റ് സ്കൂൾ ആശുപത്രി ഗതാഗത സൗകര്യം തുടങ്ങിയവയോടുള്ള സാമിപ്യം തുടങ്ങിയ വസ്തുതകളും പരിശോധിച്ചാണ് ന്യായ വില നിർണ്ണയിക്കുന്നത്.

(ഡി) ഓരോ വില്ലേജിലെയും സർവേ നമ്പർ അടിസ്ഥാനത്തിലുള്ള കരടു ന്യായവില നിശ്ചയിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. ഇതു പ്രസിദ്ധീകരിച്ച് പൊതുജനങ്ങളുടെ ആക്ഷേപം പരിഹരിക്കുന്ന ജോലി ബാക്കിയുണ്ട്. ഈ നടപടി പൂർത്തിയായാൽ ന്യായവില പ്രാബല്യത്തിൽ വരുന്നുന്നതാണ്.

## മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ അഭാവം

316. ശ്രീ. വി.കെ.സി. മമ്മത് കോയ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
ശ്രീ. പിരപ്പൻകോട് മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധരായ ഡോകടർമാരുടെ അഭാവം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)എങ്കിൽ ഇതുകാരണം രോഗികൾക്കുണ്ടാകുന്ന വിഷമതകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വിദഗ്ദ്ധ ഡോക്ടർമാരുടെ കുറവുകാരണം ശസ്ത്ര ക്രീയകൾ വരെ നടത്താൻ കഴിയാത്ത അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാകുമോ;

(ഡി) സ്പെഷ്യലിസ്റ്റ് ഡോകടർമാരുടെ ദീർഘകാല അവധിയ്ക്ക് നിയന്ത്രണം നടപ്പിലാക്കുമോ?

**<u>ഉത്തരം;</u>**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.
(ബി) വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം കൊണ്ടുള്ള വിഷമതകൾ പരിഹരിക്കുന്നതിനായി റാങ്ക് ലിസ്റ്റ് നിലവിലുള്ള വകുപ്പുകളിൽ പി.എസ്.സി. വഴിയും ഇല്ലാത്ത വകുപ്പുകളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും കരാറടിസ്ഥാനത്തിലും നിയമനം നടത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്.
(സി) തൃശൂർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. അതിനാൽ ശസ്ത്രക്രീയകൾ നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോഴില്ല.
(ഡി) നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ട്.

**<u>ആരോഗ്യവകുപ്പിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുന്നതിന് നടപടി</u>**

317. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.പി.ജെ. ജോയി
ശ്രീ. ഡി.സുഗതൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യ വകുപ്പിനുവേണ്ടി ചെലവു ചെയ്യുന്നതിനു തുല്യമോ അതിൽ കൂടുതലോ പ്രയോജനം കിട്ടുന്നുണ്ടെന്ന് കരുതുന്നുണ്ടോ;
(ബി) ഉണ്ടെങ്കിൽ അവ എപ്രകാരമെന്ന് വിശദീകരിക്കുമോ;
(സി) ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവണ്ണംപ്രസ്തുത വകുപ്പിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;
(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം എപ്രകാരമാണ് പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം;</u>**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.
(ബി) സേവന മേഖലയിൽ ചെലവിടുന്ന പണത്തിന്റെ പ്രയോജനം എപ്രകാരമാണ് ലഭിക്കുന്നതെന്ന് അളക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഉത്തമമല്ല. അത്യന്തികമായി സേവന മേഖലയിൽ ചെലവിടുന്ന പണം കൊണ്ട് ജനന നിരക്ക് മരണനിരക്ക് (ശിശു മരണ നിരക്കുൾപ്പെടെ നവജാത ശിശു മരണനിരക്ക് മാതൃമരണ നിരക്ക് എന്നിവയുടെ കുറവ് ആധുനിക രീതിയിലുള്ള ചികിത്സാ രീതി, രോഗ നിർണ്ണയം എന്നിവയിൽ വൻപിച്ച നേട്ടങ്ങൾ കൈവരിക്കുവാന കഴിഞ്ഞതിന്റെ ഉദാഹരണങ്ങളാണ് അതിനാൽ ആരോഗ്യരംഗത്ത് ചെലവിടുന്ന ഓരോ രൂപയ്ക്കുമുള്ള പ്രയോജനം ജനങ്ങൾക്കു കിട്ടുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.
(സി) ഉദ്ദേശിക്കുന്നുണ്ട്.
(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ പദ്ധതി ടെലി മെഡിസിൻ സംവിധാനം, റോഡപകടത്തിൽപ്പെടുന്നവർക്ക് ട്രോമാകെയർ സെന്ററുകൾ, ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും മാത്രമായി ഹാർട്ട് ഫണ്ടേഷൻ എന്ന സ്ഥാപനം, പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സോഷ്യൽ ആഡിറ്റിംഗ് സംപ്രമ്പദായം, ആദുനിക രീതിയിലുള്ള മരുന്ന്, ഉപകരണങ്ങൾ മാനസികാരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തൽ, പ്രാഥമികാരോഗ്യകേന്ദ്രങ്ങളുൾപ്പെടെയുള്ള ആശുപത്രികളിൽ ചികിത്സാരീതിയും മറ്റു സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദധതി എന്നിവയിലൂടെ പ്രവർത്തനം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

**<u>നഗരവൽക്കരണ പ്രക്രീയ</u>**

318. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ഡോ. തോമാസ് ഐസക്
ശ്രീ. ടി.കെ. ബാലൻ

ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ നഗരവത്ക്കരണ പ്രക്രീയ മറ്റു സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ ഏത് അളവിലാണ് ഉളളതെന്ന് വ്യക്തമാക്കുമോ;

(ബി) ശീഘ്രഗതിയിൽ നടക്കുന്ന ഗ്രാമങ്ങളുടെ നഗരവത്ക്കരണംമൂലം സംശ്ഥാനത്ത് ഉണ്ടാകുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാം;

(ഡി) നഗരവത്ക്കരണ്ം തടയുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണംടൊ;

(ഇ) ഗ്രാമീണ ജീവിതത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുളള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) ഇന്ത്യയുടെ നഗരവത്ക്കരണ തോത് 2001-ലെ കാനേഷുമാരി പ്രകാരം 27.78% ആണ്. കേരളത്തിൽ ഇതേ സമയം 25.97% വും തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ യഥാക്രമം 43.86% വും 33.98% വും ആണ്. ദേശീയ നഗരവത്ക്കരണ തോതിൽ നിന്നും താഴെയാണ് കേരളത്തിന്റെ സ്ഥിതിയെങ്കിലും കേരളത്തിന്റെ നഗര ഗ്രാമ തുടർച്ച മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിക്ന്നമായ ഒരു സവിശേഷതയാണ്.

(ബി) & 9സി) നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും ആസൂത്രിതമല്ലാത്ത നഗരവത്ക്കരണം മൂലം വികസനപ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ നടന്നുവരുന്നു. ഉദാഹരണത്തിന് കേരള വികസനപദ്ധതിയിൽ റോഡ് വികസനത്തിന് പദ്ധതികൾ തെരെഞ്ഞ്ടെുക്കുമ്പോൾ ഓരോ പഞ്ചായത്തിഇന്്റെയും ആവശ്യങ്ങളും ഒപ്പംതന്നെ ആ പഞ്ചായത്തിനെ ജില്ലയിലെ മറ്റു പഞ്ചായത്തുളെുമായും നഗരങ്ങളുമായും ജില്ലാ റോഡുകൾ സംസ്ഥാന പാതകൾ എന്നിവയുമായും ബന്ധിപ്പിക്കുന്ന പദ്ധതികൾക്കുകൂടി മുൻഗണന നൽകേണ്ടതാണ്. ഓരോ പഞ്ചായത്തിന്റെയും തദ്ദേശ വികസനം ഉറപ്പാക്കാൻ ഇത്തരത്തിലുളള പദ്ധതികൾ ഉപകരിക്കുന്നതാണ്. അതുപോലെ തന്നെ മറ്റ് മേഖലകളിലെ പദ്ധതികൾ തിരഞംഞെടുക്കുമ്പോൾ അവയുടെ സ്ഥാനനിർണ്ണയം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിലുളള പ്രതിസന്ധികൾ ഓരോ പഞ്ചായത്തിനേയും കുറിച്ചുളള വിശദമായ പഠനങ്ങളിൽ നിന്നു മാത്രമേ മനസ്സിലാക്കാൻ കഴിയുകയുളളു. സംസ്ഥാനത്തെ മൊത്തം നഗരങ്ങളും പഞ്ചായത്തുകളും ഉൾപ്പെടുത്തി ഒരു സംസ്ഥാന സ്പെഷ്യൽ പ്ളാനിന് രൂപം നൽകുന്നതിനായി നഗര-ഗ്രാമസൂത്രണ വകുപ്പിൽ പഠനങ്ങൾ നടന്നുവരുന്നു. ഇതിൽ നിന്നും സംസ്ഥാനത്തിന്റെ മൊത്തമായ വികസനത്തിന് ഓരോ പഞ്ചായത്തിനുമുളള പങ്ക് മനസ്സിലാക്കാവുന്നതാണ്.

(ഡി) നഗരവത്ക്കരണം തടയുന്നതിന് പദ്ധതികൾ ആലോചിച്ചിട്ടില്ല. എന്നാൽ നഗരവത്ക്കരണം ശരിയായ ദിശയിലൂടെ നയിച്ച് അതാത് പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിന് വഴി തെളിക്കും വിധമാണ് നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നത്.

(ഇ) സംസ്ഥാന സ്പെഷ്യൽ ഡവലപമെന്റ് പ്ളാനും ഓരേലോ ജില്ലയുടെയും ജില്ലാ വികസന പ്ളാനും തയ്യാറാക്കി കഴിഞ്ഞാൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിനും സംസ്ഥാനത്തിന്റെ മൊത്തമായ വികസനത്തിനുളള പങ്ക് വ്യക്തമായി അറിയാൻ കഴിയുന്നു. ഇതിനുപുറമേ കേരള വികസന പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിനും വികസന പദ്ധതികൾ അതാതു പഞ്ചായത്തിൽ തന്നെ തയ്യാറാക്കുന്നുണ്ട്. ഇത്തരത്തിലുളള പദ്ധതി സമാഹരണത്തിൽ നിന്നും പദ്ധതികൾ തിരഞ്ഞെടുത്ത് നടപ്പിലാക്കിയാൽ ഓരോ പഞ്ചായത്തിലും പശ്ചാത്തല സൗകര്യ വികസനം ഉറപ്പാക്കാവുന്നതാണ്.

## <u>സസ്റ്റെയിൻഡ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിനുളള എ.ഡി.ബി സഹായം</u>

319.ശ്രീമതി മേഴ്സി രവി
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ. വി.ജെ. പൗലോസ്
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എല്ലാ സിറ്റി മുനിസിപ്പൽ മോർപ്പറേഷനുകളിലും സസ്റ്റെയിൻഡ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിനുളള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ടൊ;

(ബി) ഇതിനുവേണ്ടി എ.ഡി.ബി. എന്തു തുക നൽകും;

(സി) എന്തെല്ലാം വ്യവസ്ഥയിലാണ് തുക നൽകുന്നത്;

(ഡി) ഈ തുക വിനിയോഗിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിയ്ക്ക് അന്തിമരൂപമായിട്ടില്ല.

(ബി) 12,55,000 ഡോളറിന്റെ സഹായം പ്രതീക്ഷിക്കുന്നു.

(സി) & (ഡി) എ.ഡി.ബി. സഹായത്തിന്റെ വ്യവസ്ഥകൾ അന്തിമമായി അംഗീകരിച്ചിട്ടില്ല. കരട് എയ്ഡ് മെമ്മോയർ അംഗീകരിച്ച ശേഷം കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് തീരുമ.ാനിക്കും.

## പുതിയ ആയുർവേദ ഹോമിയോ ആശുപത്രികൾ

320. ശ്രീ. എം.എ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർക്കാർ ആയുർവേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ നടപ്പിലാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

**ഉത്തരം;**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) യും (ബി) യും

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. എങ്കിലും എല്ലായിടത്തും ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. സ്ഥലം, കെട്ടിടം, ഫർണ്ണിച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## അനധികൃത ലാബുകളേയും സ്കാൻ സെന്ററുകളേയും നിയന്ത്രിക്കുന്നതിന് സംവിധാനം

321 ശ്രീ. മത്തായി ചാക്കോ :

ശ്രീ എം.വി.ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വി.ചെന്താമരാക്ഷൻ :

ശ്രീ. കെ.വി.കുഞ്ഞുരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടേയും സ്കാൻ സെന്ററുകളുടേയും എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃത ലാബുകളുടേയും സ്കാൻ സെന്ററുകളുടേയും പ്രവർത്തനം തടയാൻ ഉദ്ദേശമുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അനധികൃത ലാബുകളിൽ രോഗനിർണ്ണയത്തിനുള്ള ശാസ്ത്രീയ സംവിധാനം ഇല്ലാത്തതിനാൽ ഇത്തരം ലബോറട്ടറികൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ)ഒരേ രോഗനിർണ്ണയത്തിന് വിവിധ സ്കാൻ സെന്ററുകളും ലാബുകളും വ്യത്യസ്ത തരത്തിലുള്ള റിപ്പോർട്ടുകൾ നൽകുന്നതും വ്യത്യസ്തമായ ഫീസ് ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത്തരത്തിലുള്ള ലാബുകളിൽ നടത്തുന്ന പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സ നിർണ്ണയിക്കുന്നത് രോഗം മൂർച്ഛിക്കുന്നതിനും മരണം സംഭവിക്കുന്നതിനും ഇടയാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)** :

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.
(ഡി) ഇല്ല.
(ഇ) ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(എഫ്) ഇല്ല.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി**

322. ശ്രീ ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളുടെ കൂറുമാറ്റവും സ്ഥാനമാറ്റവു മൂലം ഭരണസ്തംഭനം ഉണ്ടാകുന്നുണ്ടോ ;

(ബി) എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി നടപ്പിലാക്കുമോ ;

(സി) ആയതിനാവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) ഭരണ സ്തംഭനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ) ആന്റ് (സി) ഇങ്ങനെ ചെയ്താലും അംഗങ്ങളുടെ കൂറുമാറ്റം ഒഴിവാക്കാൻ പറ്റുമെന്ന് തോന്നുന്നില്ല.

**നഗര വികസനവുമായി ബന്ധപ്പെട്ട് എ. ഡി . ബി യുമായി ഏർപ്പെട്ട കരാർ**

323 ശ്രീ. ടി. കെ. ദേവകുമാർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി.കെ.ബാലൻ :
ശ്രീ.കെ.വി.കുഞ്ഞുരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനായി എത്ര കോടി രൂപയാണ് എ.ഡി.ബി.യിൽ നിന്ന് സഹായമായി സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ബി) ഈ സഹായത്തിന്റെ ഭാഗമായി എ.ഡി.ബിയുമായി സംസ്ഥാന സർക്കാർ വല്ല കരാറിലും ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കരാറിലെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ നിബന്ധനകൾ നടപ്പിലാക്കാമെന്ന് സർക്കാർ എ.ഡി.ബി.ക്ക് കരാറിൽ ഉറപ്പു നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) 12,55,000 ഡോളറാണ് പ്രതീക്ഷിക്കുന്നത്.

(ബി) കരാർ ഒപ്പിട്ടിട്ടില്ല. എന്നാൽ എ.ഡി.ബി. അയച്ചു തന്ന കരട് എയിഡ് മെമ്മോയർ സർക്കാർ അംഗീകരിച്ച് ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) എ.ഡി.ബി.യിൽ നിന്ന് ലഭിച്ച കരട് എയിഡ് മെമ്മോയറും അതിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളും അനുബന്ധമായി ചേർക്കുന്നു.

(ഡി) എ.ഡി.ബി.യുമായി കരാർ ഒപ്പിട്ടിട്ടില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ കോമ്പൗണ്ടിംഗ് പദ്ധതി**

324 ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കി വരുന്ന കോമ്പൗണ്ടിംഗ് പദ്ധതിയുടെ പുരോഗതി അറിയിക്കുമോ ;

(ബി) കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ നിലവിൽ എത്ര കേസ്സുകൾക്ക് തീർപ്പ് വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ സർക്കാരിന് ഇതു വരെ ലഭിച്ച അധിക വരുമാനം എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

**ശ്രീ. സി.എഫ്.തോമസ് ( ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) :**

(എ ) കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം 15.6.2003 വരെ മുദ്ര വില ഇനത്തിൽ 8,22,45,507/- രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,76,34,558/-രൂപയും ആകെ 9,98,80,065 രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു വർഷ കാലാവധിയുള്ള ഈ പദ്ധതി 12.8.2003 -ൽ അവസാനിക്കും.

(ബി) 15.6.2003 വരെ 71142 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) 15.6.2003 വരെ ലഭിച്ച വരുമാനം :

മുദ്ര വില ..................................- 8,22,45,507

രജിസ്ട്രേഷൻ ഫീസ് .................-1,76,34,558

ആകെ ..........................- 9,98,80,065/ രൂപ

**തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനറൽ പി.ഡി. അക്കൗണ്ട്**

325 പ്രൊഫസർ എ. ഡി. മുസ്തഫ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി. മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ജനറൽ പി. ഡി. അക്കൗണ്ട് നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശമെന്താണ് ;

(സി) ഈ ഉദ്ദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതു സംബന്ധമായി എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം സ്വീകരിക്കുന്നതിന്.

(സി) ഉണ്ട്.

(ഡി) പി.ഡി.അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാനായി ചെക്ക് ഇഷ്യു ചെയ്യാൻ പാടില്ലെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഡെങ്കി പനി തിരിച്ചറിയാൻ സംവിധാനവും രക്ത പരിശോധനാ സജ്ജീകരണവും**

326 ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുക് പരത്തുന്ന മാരകമായ ഡെങ്കി പനി തിരിച്ചറിയാൻ സംസ്ഥാനത്ത ഏതൊക്കെ ആശുപത്രികളിൽ പ്രത്യേക സംവിധാനം നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സംവിധാനം ഓരോ ആശുപത്രിയിലും സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ മുതൽ മുടക്ക് വേണ്ടി വരുമെന്ന് പറയാമോ ;

(സി) ഡെങ്കി പനിയുമായി ബന്ധപ്പെട്ട് രക്തപരിശോധന നടത്തുന്നതിനുള്ള സംവിധാനം കൂടുതൽ ആശുപത്രികളിൽ സജ്ജീകരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) സംസ്ഥാനത്ത് കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള എല്ലാ ആശുപത്രികളിലും ഡെങ്കി പനി തിരിച്ചറിയാനുള്ള പ്രാഥമിക രക്ത പരിശോധനക്കുള്ള സൗകര്യങ്ങൾ ഉണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ശ്രീ ചിത്രാ മെഡിക്കൽ സെന്ററിലും പബ്ലിക് ഹെൽത്ത് ലാബുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും ഡെങ്കി പനി രോഗം സ്ഥിരീകരിക്കുന്നതിനുള്ള പ്രത്യേക പരിശോധനാ സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) ഡെങ്കി പനി രോഗം സ്ഥിരീകരിക്കുന്നതിനുള്ള പരിശോധന നടത്തുന്നതിനാവശ്യമായ ഐ.ജി.എം. എലൈസ ടെസ്റ്റ് കിറ്റും എലൈസ റീഡറും മറ്റു

ലബോറട്ടറി സാധനങ്ങൾക്കുമായി ഓരോ ആസുപത്രികളിലും ഏകദേശം മൂന്നു ലക്ഷം രൂപ വീതം ചെലവുവരും.

(സി) ഡെങ്കി പനിയുമായി ബന്ധപ്പെട്ട പ്രാഥമിക രക്തപരിശോധന (പാക്ട് സെൽ വോള്യം (പി.സി.വി) പ്ളേറ്റ്ലറ്റ് കൗണ്ട് ) നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾത്തന്നെ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാണ്. എന്നാൽ രോഗം സ്ഥിരീകരിക്കുന്നതിനുള്ള എലൈസാ ടെസ്റ്റിനുള്ള സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരത്തെ ശ്രീ ചിത്രാ മെഡിക്കൽ സെന്ററിലും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും പബ്ളിക് ഹെൽത്ത് ലബോറട്ടറികളിലും ജില്ലാ ആശുപത്രികളിലും മാത്രമേ ലഭ്യമായിട്ടുള്ളു. ഈ ടെസ്റ്റുകൾ നടത്തുന്നതിനുള്ള സംവിധാനം ഓരോ സ്ഥാപനത്തിലും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട് . എന്നാൽ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പനി ബാധിച്ചെത്തുന്ന രോഗികളിൽ സംശയമുള്ളവരുടെ രക്തസാമ്പിളുകൾ യഥാവിധി ശേഖരിച്ച് പരിശോധനാ സൗകര്യമുള്ള കേന്ദ്രങ്ങളിൽ എത്തിച്ച് പരിശോധന നടത്തി വരുന്നുണ്ട്.

## <u>റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി</u>

327 ശ്രീ .മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ;

(ബി) ദേശീയ-സംസ്ഥാന ഹൈവേകളുടേയും മറ്റ് പ്രധാനപ്പെട്ട റോഡുകളുടേയും സമീപത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്വകാര്യ ആശുപത്രികളിൽ അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എന്തല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രോമോകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പു ഡയറക്ടരുടെ കീഴിൽ പ്രവർത്തിക്കുന്നതും ദേശീയ പാതകളുടേയും സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട പാതകളുടേയും സമീപത്തുള്ളതുമായ ഏഴ് ആശുപത്രികളിൽ പുതുതായി കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കാഷ്വാലിറ്റി യൂണിറ്റുകൾ ഉള്ള ആശുപത്രികളിലേക്ക് അടിയന്തിര ചികിത്സക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ 150 കോടി രൂപ മുടക്കി ട്രോമോ കെയർ സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞു.

(ബി) യും (സി) യും : ഉണ്ട്. ദേശീയ സംസ്ഥാന ഹൈവേകളുടേയും മറ്റു പ്രധാനപ്പെട്ട റോഡുകളുടേയും സമീപത്തു സ്ഥിതി ചെയ്യുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റു പ്രധാനപ്പെട്ട ആശുപത്രികളിലും അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗവണ്മെന്റ് ആശുപത്രികളിലെ കാഷ്വാലിറ്റി യൂണിറ്റുകളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പ് സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ഉൾപ്പെടുത്തി 49 കോടി രൂപ ട്രോമോ കെയറിനു വേണ്ടി ലോക ബാങ്കു സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.